പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5710 2/7/2019 ൽ മറുപടിക്ക്

# അറവുമാടുകളുടെ പരിശോധന

**ചോദ്യം**
ശ്രീ.കെ.വി.വിജയദാസ്:

**മറുപടി**
അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തിന് പുറത്തുനിന്നും മാംസാഹാരത്തിനായി അറവുമാടുകളെ കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | എ) | ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 4,17,599 കന്നുകാലികളെ വിവിധ ചെക്ക്പോസ്റ്റുകളിലൂടെ കടത്തി വിട്ടിട്ടുണ്ട്. |
| ബി) | ഏതെല്ലാം ചെക്ക് പോസ്റ്റുകൾ വഴിയാണ് ഇവയെ കൊണ്ടുവരുന്നത്; ഇവിടെ ആവശ്യമായ പരിശോധനകൾ നടത്തുന്നുണ്ടോ; | ബി) | ചെമ്മണാംപതി, ഗോപാലപുരം, കോഴിപ്പാറ, മീനാക്ഷിപ്പുരം, മുതലമട, മട്ടത്തുകാട്,വാളയാർ, സുൽത്താൻബത്തേരി, കഞ്ചത്തൂർ, കാർട്ടികുളം, ഇരിട്ടി, കുമിളി, ബോഡിമെട്ട്,കമ്പമേട്ട്, തെന്മല, വഴിക്കടവ്, പെർള, പാറശ്ശാല എന്നീ 18 റിന്റർപെസ്റ്റ് ചെക്ക് പോസ്റ്റുകളിലൂടെയാണ് മൃഗങ്ങളെ സംസ്ഥാനത്തേക്ക് കടത്തിവിടുന്നത്. ചെക്ക്പോസ്റ്റുകളിൽ അതിർത്തി കടന്നുവരുന്ന മൃഗങ്ങളുടെ ആരോഗ്യപരിശോധന നടത്തി വരുന്നുണ്ട്. |
| സി) | ഇതിനായി എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നുമുള്ള വിശദവിവരം നൽകുമോ? | സി) | സംസ്ഥാനത്തെ 18 ചെക്ക് പോസ്റ്റുകളിൽ തിരുവനന്തപുരം (പാറശ്ശാല), പാലക്കാട് (വാളയാർ) എന്നിവിടങ്ങളിൽ മാത്രമാണ് വെറ്ററിനറി സർജന്റെ മേൽനോട്ടത്തിൽ മൃഗങ്ങളുടെ പരിശോധന നടത്തിവരുന്നത്. ബാക്കിയുള്ള 16 ചെക്ക്പോസ്റ്റുകളിൽ ഫീൽഡ് ഓഫീസറുടെ മേൽനോട്ടത്തിൽ മൃഗങ്ങളുടെ പരിശോധന നടത്തിവരുന്നു.<br><br>അതിർത്തി കടന്ന് ചെക്ക്പോസ്റ്റിലൂടെ വരുന്ന മൃഗങ്ങളുടെ ഭൗതിക പരിശോധനയിലൂടെയും ഓരോ കൺസൈന്മെന്റിനോടൊപ്പവും കേന്ദ്ര മൃഗക്ഷേമ മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള ആരോഗ്യ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുമാണ് മൃഗങ്ങളെ കടത്തിവിടുന്നത്. |

| | | | |
|---|---|---|---|
| | | | അത്യാവശ്യ ഘട്ടങ്ങളിൽ കുളമ്പുരോഗം ഉൾപ്പെടെയുള്ള രോഗങ്ങളുടെ സാന്നിധ്യം അറവുമാടുകളിലുണ്ടോ എന്ന് മനസ്സിലാക്കുന്നതിനായി കിറ്റുകൾ ഉപയോഗിച്ചുള്ള പ്രാഥമിക പരിശോധന നടത്താറുണ്ട്. ഇതിനായുള്ള പരിശീലനം സമയാസമയങ്ങളിൽ ഉദ്യോഗസ്ഥർക്ക് മൃഗസംരക്ഷണ വകുപ്പിൽ നിന്നും നൽകിവരുന്നു. <br><br> ചെക്ക്പോസ്റ്റുകൾ കടന്നുവരുന്ന മൃഗങ്ങളുടെ സീറം സാമ്പിളുകൾ റാന്റം കളക്ഷൻ നടത്തി വിവിധ മൃഗരോഗങ്ങളുടെ സാന്നിധ്യം നിരീക്ഷിക്കുന്നതിനും അവയുടെ വ്യാപനം തടയുന്നതിനും റിന്റർപെസ്റ്റ് ലാബ് വഴി പരിശോധന നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ